"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കണിയാപുരം മുസ്ലിം ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ ഫുൾ ടൈം മീനിയൽ ശ്രീ മുഹമ്മദ് അഫാന്റെ നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3987/2026/GEDN തീയതി,തിരുവനന്തപുരം, 17-06-2026

---

പരാമർശം:- 1. മാനേജരുടെ 21.03.2026 തീയതിയിലെ റിവിഷൻ ഹർജി.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.04.2026 തീയതിയിലെ ഡിജിഇ/5981/2026-ഇടി4 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കണിയാപുരം മുസ്ലിം ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ ഫുൾ ടൈം മീനിയൽ ആയ ശ്രീ മുഹമ്മദ് അഫാന്റെ 12.02.2025 മുതലുള്ള നിയമനം അംഗീകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് മാനേജർ പരാമർശം (1) പ്രകാരം റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്.

2. പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. കണിയാപുരം മുസ്ലിം ഗേൾസ് എച്ച്.എസ്.എസ് ലെ ഫുൾടൈം മീനിയൽ ശ്രീ അജിത് വി. -ക്ക് ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലാണ് ശ്രീ മുഹമ്മദ് അഫാനെ ഫുൾടൈം മീനിയൽ ആയി 12-02-2025 മുതൽ മാനേജർ നിയമിച്ചത്. പ്രോമോട്ടിയുടെ നിയമനം അംഗീകരിച്ച് ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല എന്നതിനാൽ ശ്രീ മുഹമ്മദ് അഫാന്റെ 12-02-2025 മുതലുള്ള നിയമനം തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു. നിലവിൽ പ്രോമോട്ടിയുടെ നിയമനം അംഗീകരിച്ച് ഒഴിവ് വ്യവസ്ഥാപിതമായിട്ടുണ്ട്. എന്നാൽ ശ്രീ മുഹമ്മദ് അഫാൻ ബിരുദ യോഗ്യത നേടിയിട്ടുള്ളതിനാൽ ടിയാനെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്ക് നിയമിച്ചിരിക്കുന്നത് ചട്ടപ്രകാരമല്ല എന്നതിനാൽ നിയമനം സംബന്ധിച്ച അപ്പീൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചു. അതിനെതിരെയാണ് മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്. റിവിഷൻ ഹർജിയിലെ മാനേജരുടെ വാദം ചുവടെ ചേർക്കുന്ന പ്രകാരമാണ്.

പ്രോമോട്ടി ശ്രീ അജിത് വി. -ക്ക് 12-02-2025 മുതൽ നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്. ആകയാൽ ശ്രീ മുഹമ്മദ് അഫാനെ നിയമിച്ച ഒഴിവ് വ്യവസ്ഥാപിതമാണ്. സർക്കാർ സർവ്വീസിലെ അധ്യാപകർക്കുള്ള യോഗ്യതകൾ എയ്ഡഡ് സ്കൂൾ അധ്യാപകർക്കും ബാധകമാണ്. എന്നാൽ സർക്കാർ സർവ്വീസിലെ Class IV ജീവനക്കാരുടെ യോഗ്യതകൾ എയ്ഡഡ് സ്കൂൾ അനധ്യാപകർക്ക് ബാധകമാക്കി കൊണ്ടുള്ള KER ഭേദഗതിയോ പൊതു ഉത്തരവോ ഇതുവരെ ഉണ്ടായിട്ടില്ല. ഉയർന്ന യോഗ്യത താഴ്ന്ന ജോലിക്ക് വിഘാതമാകുന്നില്ല. ഇക്കാരണങ്ങളാൽ റിവിഷൻ ഹർജി അനുവദിക്കണം എന്നാണ് മാനേജർ ആവശ്യപ്പെട്ടിട്ടുള്ളത്.

3. ശ്രീ അജിത് വി. -യുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിട്ടുള്ളതിനാൽ ശ്രീ മുഹമ്മദ് അഫാനെ നിയമിച്ച ഫുൾടൈം മീനിയൽ തസ്തിക വ്യവസ്ഥാപിതമാണ്. സർക്കാർ ഉത്തരവ് GO(P) No. 12/2016/P&ARD തീയതി 04.06.2016 പ്രകാരം ബിരുദ യോഗ്യത നേടിയിട്ടുള്ളവരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനത്തിന് പരിഗണിക്കാനാകില്ല. ശ്രീ മുഹമ്മദ് അഫാൻ ബിരുദ യോഗ്യത നേടിയിട്ടുള്ളതിനാൽ നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ടിയാനെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്ക് നിയമിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. കെ.ഇ.ആർ അദ്ധ്യായം XXIV B ചട്ടം 4 പ്രകാരം സർക്കാർ സർവ്വീസിലെ അധ്യാപകർക്കുള്ള യോഗ്യതകൾ എയ്ഡഡ് സ്കൂൾ അധ്യാപകർക്കും ബാധകമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ കണിയാപുരം മുസ്ലിം ഗേൾസ് എച്ച്.എസ്.എസ്.ലെ ഫുൾടൈം മീനിയൽ തസ്തികയിലെ ശ്രീ മുഹമ്മദ് അഫാന്റെ 12-02-2025 മുതലുള്ള നിയമനം പരിഗണനാർഹമല്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ മുഹമ്മദ് അഫാൻ ബിരുദ യോഗ്യത നേടിയിട്ടുള്ളതിനാൽ നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ടിയാനെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്ക് നിയമിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അതിനാൽ കണിയാപുരം മുസ്ലിം ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ ഫുൾ ടൈം മീനിയൽ ആയ ശ്രീ മുഹമ്മദ് അഫാന്റെ 12.02.2025 മുതലുള്ള നിയമനം പരിഗണിക്കാനാവില്ല. ഹർജി നിരസിച്ച് അപ്രകാരം മാനേജർ സമർപ്പിച്ചിരിക്കുന്ന റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

മാനേജർ, മുസ്ലീം ഗേൾസ് എച്ച്.എസ്.എസ്. & മുസ്ലീം ബോയ്സ് എച്ച്.എസ്.എസ്., കണിയാപുരം, തിരുവനന്തപുരം - 695 301.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/64/2026-G.EDN)

ഉത്തരവിൻ പ്രകാരം
Signed by
Alex G C
Date: 18-06-2026 11:05:11
സെക്ഷൻ ഓഫീസർ

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.